# അക്ഷരങ്ങൾ

ബിജോയ് ശാമുവേൽ അബുദാബി

ഒരുനാൾ കഷ്ടപ്പെട്ടു പഠിച്ചവർ

ഒരുക്കി പഠിപ്പിച്ചീടുന്നു കുരുന്നുകളെ

അ..ആ യിൽ നിന്നും ക്ഷ യിലേക്കും

വാക്കിൽ നിന്നും വാചകത്തിലേക്കും

കൂട്ടക്ഷരവും ചില്ലക്ഷരവും

കൂട്ടിവായിപ്പിച്ചീടുന്നു.

അക്ഷരങ്ങൾ ചിട്ടപ്പെടുത്തിയ കവിതയും കഥകളും

ആയിരകണക്കിന് പ്രതികൾ പുറത്തിറക്കുന്നു

കൂട്ടിക്കെട്ടിയ താളുകളിൽ മയങ്ങുവാൻ വിധി

കുരിരുട്ടിൽ അറിയുന്നില്ല കൂട്ടുകാരായക്ഷരങ്ങളെ

മലകളും കടലുകളും കടന്നെത്തിടുന്നു

സുന്ദരപുറംചട്ടയിലെത്തിയിട്ടും

പുസ്തകത്തിനുള്ളിലെത്തിയ ഞങ്ങളെയാരും

മാനിച്ചില്ല, വാങ്ങിച്ചില്ല, വായിച്ചില്ല.

സൂക്ഷിച്ചീടുന്നു കാഴ്ചപ്പെട്ടിയിൽ

ഒരുനാൾ വന്നു ആരും അറിയാതെ

കാററും മഴയും സകലത്തെയും ദൂരത്തെറിഞ്ഞു

ഞങ്ങളെയും കൂട്ടി വൻമഴ ചൊരിഞ്ഞു

പുസ്തകതാളുകൾ കെട്ടുകൾ പൊട്ടിചിതറി

ആകാശമേലേൽ പറന്നു, വന്നു താഴെ

അലിഞ്ഞുചേർന്നു ആ മഴയിൽ അക്ഷരക്കൂട്ടങ്ങൾ

മനുഷ്യനയനങ്ങളെ വിട !